"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - എസ്.ഡി.ആർ.എഫ്. -എറണാകുളം ജില്ല - മുളന്തുരുത്തി ബ്ലോക്ക്പഞ്ചായത്ത് - ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് - കണ്ടനാട്-ഇടയത്തുംമുകൾ റോഡ് പുനരുദ്ധാരണ പ്രവൃത്തി - പൂർത്തീകരണത്തിലെ കാലതാമസം മാപ്പാക്കിയും - അന്തിമ ബിൽ തുക അനുവദിയ്ക്കുന്നതിന് അനുമതി നൽകിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.50/2026/DMD തീയതി,തിരുവനന്തപുരം, 20-01-2026

---

പരാമർശം:- 1. സ. ഉ. (സാധാ) നം.448/2023/ഡി.എം.ഡി തീയതി, 19.07.2023

2. എറണാകുളം ജില്ലാ കളക്ടറുടെ 10.11.2025 ലെ LSGD/JD/EKM/406/2024-F3 നമ്പർ കത്ത്

**ഉത്തരവ്**

എസ്.ഡി.ആർ.എഫ്. മാനദണ്ഡ പ്രകാരം കാലവർഷക്കെടുതികളിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി എറണാകുളം ജില്ലയിലെ മുളന്തുരുത്തി ബ്ലോക്ക്പഞ്ചായത്തിൽ ഉൾപ്പെട്ട ഉദയംപേരൂർ ഗ്രാമപഞ്ചായത്തിലെ കണ്ടനാട്-ഇടയത്തുംമുകൾ റോഡ് പുനരുദ്ധാരണ പ്രവർത്തിയ്ക്ക് പരാമർശം (1) ഉത്തരവ് പ്രകാരം പത്ത് ലക്ഷം (10 ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത റോഡ് പ്രവൃത്തി സമയത്ത് ടി റോഡിൽ ഗ്രാമപഞ്ചായത്തിന്റെ റോഡ് സൈഡ് കാന നിർമ്മാണം നടക്കുകയും ആയത് പൂർത്തീകരിക്കുന്നതിന് കാലതാമസം ഉണ്ടായതിനാൽ ഭരണാനുമതി ലഭിച്ച് നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിച്ചില്ല. പ്രസ്തുത സാഹചര്യത്തിൽ മേൽ റോഡ് പുനരുദ്ധാരണ പ്രവൃത്തിയുടെ പൂർത്തീകരണത്തിലുണ്ടായ കാലതാമസം മാപ്പാക്കി അന്തിമബിൽ തുക അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (2) കത്ത് പ്രകാരം ജില്ലാകളക്ടർ അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാകളക്ടറുടെ ശിപാർശയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണവും പരിഗണിച്ച് പരാമർശിത ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച എറണാകുളം ജില്ലയിലെ മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട ഉദയംപേരൂർ ഗ്രാമപഞ്ചായത്തിലെ കണ്ടനാട്-ഇടയത്തുംമുകൾ റോഡ് പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസം മാപ്പാക്കിയും അന്തിമ ബിൽ തുകയിൽ നിന്നും എസ്. ഡി. ആർ. എഫ്. മാനദണ്ഡപ്രകാരമുള്ള തുക മാത്രം അനുവദിയ്ക്കുന്നതിന് ജില്ലാകളക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പൂജ ലാൽ കെ എ എസ്

അണ്ടർ സെക്രട്ടറി

ജില്ലാകളക്ടർ, എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, എറണാകുളം
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. DMB3/227/2025-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
സെക്ഷൻ ഓഫീസർ
Date: 21-01-2026 11:45:14

പകർപ്പ്:- ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ. യ്ക്ക്